"ഭരണഭാഷ – മാതൃഭാഷ"


LSGD

# തദ്ദേശ സ്വയം ഭരണ വകുപ്പ്
## ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം – 682 030

ഫോൺ: 0484 – 2422219, ഇ–മെയിൽ : jdlsgdekm@gmail.com


---

**തദ്ദേശ സ്വയംഭരണ വകുപ്പ് ഉപജില്ലാതല അദാലത്ത് സമിതി (എറണാകുളം–1) യുടെ 22.11.2024 തീയതിയിലെ 1–ാം നമ്പർ തീരുമാനം.**

18.01.2022 ൽ കെട്ടിട നിർമ്മാണാനുമതിക്ക് അപേക്ഷിച്ചെങ്കിലും നാളിതുവരെയായിട്ടും പെർമിറ്റ് ലഭിച്ചില്ലെന്നതാണ് ചിറ്റൂർ കാഞ്ഞിരുള്ളംപറമ്പിൽ ശ്രീമതി.ജാൻസി.കെ.ജെ യുടെ അപേക്ഷ. നിലവിലുള്ള അംഗീകൃത വീടിന് മുകളിലേക്ക് പണിയുന്നതിനാണ് അപേക്ഷ നൽകിയത്. ഫയൽ പരിശോധിച്ചതിൽ 10.03.2022 ൽ സെക്രട്ടറി ചുവടെ വിവരിക്കുന്ന ന്യൂനതകൾ അപേക്ഷകയെ അറിയിച്ചിട്ടുള്ളതാണ്.

(1)കെട്ടിടത്തിന്റെ സെറ്റ് ബാക്ക് 2019 ലെ KPBR ചട്ടം 23 & 26 ന് അനുസൃതമല്ല.

(2)ലൊക്കേഷൻ പ്ലാനിൽ തെക്കുഭാഗം സ്വകാര്യവഴി എന്ന് കാണുന്നുണ്ടെങ്കിലും പ്ലാനിൽ ടി ഭാഗം Property of Balakrishnan എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(3)RWH സൌകര്യങ്ങളുടെ സെറ്റ് ബാക്ക് രേഖപ്പെടുത്തിയിട്ടില്ല.

(4)നിലവിലുള്ള സെപ്റ്റിക് ടാങ്കിന്റെ സെറ്റ് ബാക്കുകൾ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായിട്ടാണ് സ്ഥലത്ത് കാണുന്നത്.

ഈ ന്യൂനതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ലാത്തതിനാലും ഇവയിൽ ഇളവ് അനുവദിക്കാൻ ശുപാർശ ചെയ്യുന്നത് അനുചിതമായിരിക്കുമെന്നതിനാലും അപേക്ഷ തുടർനടപടി കൂടാതെ തീർപ്പാക്കി.

രാജേഷ്.വി.എസ്
കൺവീനർ
തദ്ദേശസ്വയംഭരണ വകുപ്പ് ഉപജില്ലാതല
അദാലത്ത് സമിതി (സിറ്റിസൺ അസിസ്റ്റന്റ്
സ്ഥിരം അദാലത്ത്)
എറണാകുളം